പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 239

# 2008-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 239

# 2008-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ

1106/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 239

# 2008-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ

1957-ലെ കേരള ഭൂസംരക്ഷണ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1957-ലെ കേരള ഭൂസംരക്ഷണ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008 നവംബർ 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ദീർഘശീർഷകത്തിന്റെ ഭേദഗതി.—1957-ലെ കേരള ഭൂസംരക്ഷണ ആക്റ്റിന്റെ (1958-ലെ 8) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘശീർഷകത്തിൽ, "സർക്കാർ ഭൂമികളുടെ അനധികൃത കൈവശപ്പെടുത്തൽ തടയുന്നതിനുള്ള ഒരു ആക്റ്റ്" എന്ന വാക്കുകൾക്ക് പകരം "സർക്കാർ ഭൂമികളുടെ അനധികൃത കൈവശപ്പെടുത്തൽ തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടിയുള്ള ഒരു ആക്റ്റ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. പീഠികയുടെ ഭേദഗതി.—പ്രധാന ആക്റ്റിലെ പീഠികയിൽ, "സർക്കാർ ഭൂമികളുടെ അനധികൃത കൈവശപ്പെടുത്തൽ തടയുന്നതിനുവേണ്ടി ഒരു ഏകീകൃത നിയമം ഉണ്ടാക്കേണ്ടത് ആവശ്യമായിരിക്കയാൽ" എന്ന വാക്കുകൾക്കു പകരം "സർക്കാർ ഭൂമികളുടെ അനധികൃത കൈവശപ്പെടുത്തൽ തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിന് ഒരു ഏകീകൃതനിയമം ഉണ്ടാക്കേണ്ടത് ആവശ്യമായിരിക്കയാൽ"; എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

1106/2008.

4. 7-ാം വകുപ്പിന് പകരം ചേർക്കൽ.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിനു പകരം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"7. സർക്കാരിന്റെ വസ്തുവായ ഭൂമി അനധികൃതമായി കൈവശപ്പെടുത്തിയാലുള്ള ശിക്ഷ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) ഏതെങ്കിലും സർക്കാരിതര ആവശ്യത്തിലേക്കായി, സർക്കാരിന്റെ വസ്തുവായ ഏതെങ്കിലും ഭൂമി, അത് പുറമ്പോക്കാണെങ്കിലും അല്ലെങ്കിലും, ഉപയോഗിക്കണമെന്നോ കൈവശപ്പെടുത്തണമെന്നോ ഉള്ള ഉദ്ദേശ്യത്തോടുകൂടി, അങ്ങനെയുള്ള ഭൂമിയിൽ അനധികൃതമായി പ്രവേശിക്കുകയോ കൈവശപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു വർഷക്കാലയളവിലേക്കുള്ള തടവ് നൽകി ശിക്ഷിക്കപ്പെടുന്നതും, അൻപതിനായിരം രൂപ പിഴയും കൂടി നൽകാനും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ് :

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭത്തീയതിയിൽ സർക്കാരിന്റെ ഏതെങ്കിലും ഭൂമി ഒരാൾ കൈവശപ്പെടുത്തിയിരിക്കുകയും, അയാൾ അതിൽ താമസിച്ചു വരികയായിരുന്നുവെന്ന് തെളിയിക്കുന്നതിനുള്ള താഴെപ്പറയുന്ന ഏതെങ്കിലും രേഖകൾ ഉണ്ടായിരിക്കുകയോ, അതായത്, സർക്കാരിന്റെ അധികാരിതയുള്ള അധികാര സ്ഥാനങ്ങളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടറി നികായങ്ങളോ, അതത് സംഗതിപോലെ, നൽകിയിട്ടുള്ള അവകാശരേഖയോ, ഒരു റേഷൻ കാർഡോ, അയാൾ കൈവശപ്പെടുത്തിയിരിക്കുന്ന അങ്ങനെയുള്ള സർക്കാർ ഭൂമിയിലെ മേൽവിലാസത്തിൽ നൽകിയിട്ടുള്ള ഒരു സമ്മതിദാന തിരിച്ചറിയൽ കാർഡോ, അങ്ങനെയുള്ള വസ്തുവിലുള്ള ഒരു കെട്ടിടത്തിന് വീട്ടുനമ്പർ നൽകിയിട്ടുള്ള ഒരു നടപടിക്രമമോ, ഒരു വൈദ്യുതി കണക്ഷനോ, ജല വിതരണത്തിനുള്ള ഒരു കണക്ഷനോ ഉള്ളപക്ഷം, ശിക്ഷ ചുമത്തുന്ന ആവശ്യത്തിലേക്കായി, ഒരു അനധികൃത കൈവശപ്പെടുത്തൽകാരനായി കണക്കാക്കുവാൻ പാടുള്ളതല്ല.

(ബി) ഏതൊരാളും, സർക്കാരിന്റെ വകയായ ഏതെങ്കിലും ഭൂമി പ്രതിഫലത്തിനോ മറ്റുവിധത്തിലോ, കൈമാറ്റം നടത്തുന്ന ആവശ്യത്തിലേക്കായി,—

(i) ചതിവായോ നേരുകേടായോ രേഖകൾ ചമച്ച് വഞ്ചനാകുറ്റം ചെയ്യുകയോ ; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ഭൂമിയിൽ ഏതെങ്കിലും അവകാശത്തിനോ ഉടമസ്ഥാവകാശത്തിനോ സഹായകമാകുന്ന വിധത്തിൽ ഏതെങ്കിലും വ്യാജപ്രമാണം ഉണ്ടാക്കുകയോ ചെയ്താൽ,

അഞ്ചു വർഷക്കാലയളവിലേക്കുള്ള തടവ് നൽകി ശിക്ഷിക്കപ്പെടുന്നതും അൻപതിനായിരം രൂപ പിഴയും കൂടി നൽകാനും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ് ;

(സി) സർക്കാരിന്റെ വസ്തുവായ ഭൂമി അനധികൃതമായി കൈവശപ്പെടുത്തിയത് റിപ്പോർട്ട് ചെയ്യുന്നതിനോ അത്തരം അനധികൃത കൈവശപ്പെടുത്തൽ മാറ്റുന്നതിനുള്ള നടപടികൾ എടുക്കുന്നതിനോ ഉള്ള ഉത്തരവാദിത്വം ഭരമേൽപ്പിക്കപ്പെട്ട ഏതൊരു ഉദ്യോഗസ്ഥനും അത്തരം അനധികൃത കൈവശപ്പെടുത്തൽ റിപ്പോർട്ട് ചെയ്യുന്നതിലോ അത് മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ എടുക്കുന്നതിലോ വീഴ്ച വരുത്തിയാൽ, മൂന്നു വർഷക്കാലയളവിലേക്കുള്ള തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതും അൻപതിനായിരം രൂപ പിഴയും കൂടി നൽകാനും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ് ;

(ഡി) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് വിരുദ്ധമായി താൽക്കാലികമായോ സ്ഥിരമായോ ഏതെങ്കിലും ഭിത്തി, വേലിയോ, കെട്ടിടമോ നിർമ്മിക്കുകയോ, നിർമ്മിക്കാൻ ഇടയാക്കുകയോ അല്ലെങ്കിൽ തൂങ്ങിനിൽക്കുന്നതോ, തള്ളിനിൽക്കുന്നതോ ആയ ഏതെങ്കിലും നിർമ്മാണം നടത്തുകയോ നടത്തുവാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷക്കാലയളവിലേക്കുള്ള തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതും പതിനായിരം രൂപ പിഴയും കൂടി നൽകാനും ബാദ്ധ്യസ്ഥനായിരിക്കുന്നതും തുടർച്ചയായ ലംഘനത്തിന്റെ സംഗതിയിൽ, അത്തരത്തിലുള്ള ആദ്യ ലംഘനത്തിന് കുറ്റം സ്ഥാപിതമായതിനുശേഷം ലംഘനം തുടരുന്ന കാലയളവിൽ ഓരോ ദിവസത്തിനും അഞ്ഞൂറുരൂപവരെ ആകാവുന്ന അധിക പിഴയും നൽകാനും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.".

5. 8-ഉം 9-ഉം വകുപ്പുകൾക്ക് പകരം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 8-ഉം 9-ഉം വകുപ്പുകൾക്കു പകരം താഴെപ്പറയുന്ന വകുപ്പുകൾ, യഥാക്രമം, ചേർക്കേണ്ടതാണ് , അതായത് :—

"8. കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിക്കൽ.—ഈ ആക്റ്റിനാലോ അതിൻകീഴിലോ ശിക്ഷാർഹമായ ഏതെങ്കിലും കുറ്റകൃത്യത്തിന് പ്രേരിപ്പിക്കുന്ന ഏതൊരാളും,

പ്രേരണയുടെ ഫലമായിട്ടാണ്, പ്രേരിപ്പിച്ച പ്രവൃത്തി ചെയ്തതെങ്കിലോ അങ്ങനെയുള്ള ഏതൊരു കുറ്റവും ചെയ്യാൻ ശ്രമിച്ചതെങ്കിലോ അപ്രകാരം കുറ്റകൃത്യം ചെയ്യുന്നതിന്, ഈ ആക്റ്റിനാലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്തിരിക്കുന്ന അതേ ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

9. കുറ്റങ്ങൾ നടപടിക്കെടുക്കൽ.—7-ാം വകുപ്പിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള കുറ്റങ്ങൾ നടപടിക്കെടുക്കേണ്ടതാണ്. ".

6. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ (എ)-ഉം (ബി)-ഉം ഖണ്ഡങ്ങൾ വിട്ടുകളയേണ്ടതാണ്.

7. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ,—

(i) മാർജിനൽ ശീർഷകത്തിൽ "കരം" എന്ന വാക്ക് വിട്ടുകളയേണ്ടതാണ് ;

(ii) "കരവും നിരോധനകരവും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

8. 16-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 16-ാം വകുപ്പ് (3)-ഉം (4)-ഉം ഉപവകുപ്പുകളിൽ "റവന്യു ബോർഡ് " എന്ന വാക്കുകൾക്ക് പകരം "ലാന്റ് റവന്യു കമ്മീഷണർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ "റവന്യു ബോർഡ് " എന്ന വാക്കുകൾക്ക് പകരം "ലാന്റ് റവന്യു കമ്മീഷണർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

10. 19-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിൽ, നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ 7-ാം വകുപ്പുപ്രകാരം ഏതെങ്കിലും ശിക്ഷ ചുമത്തിയിട്ടുള്ളപക്ഷം, മറ്റേതെങ്കിലും നിയമപ്രകാരം അതേ കുറ്റത്തിന് വീണ്ടും യാതൊരു ശിക്ഷയും നൽകാൻ പാടുള്ളതല്ല."

11. 20 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 20 എ വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഈ ആക്റ്റ് പ്രകാരം, സർക്കാരിന്റെ വസ്തുവായ ഏതെങ്കിലും ഭൂമി, അത് പുറമ്പോക്ക് ആണെങ്കിലും അല്ലെങ്കിലും, അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഏതൊരാളെയും ഒഴിപ്പിക്കുന്നതിനായി സർക്കാർ എടുത്ത ഏതൊരു നടപടിയെ സംബന്ധിച്ചോ സർക്കാരിന് ലഭിക്കേണ്ടതായ ഏതെങ്കിലും പിഴയോ മറ്റേതെങ്കിലും തുകയോ ഈടാക്കുന്നതിനുവേണ്ടിയോ സർക്കാരിനെതിരായി ഏതെങ്കിലും വ്യവഹാരമോ മറ്റ് നിയമനടപടികളോ നടത്തുന്നതിനുള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല. " ;

(ii) (2)-ാം ഉപവകുപ്പിൽ, "റവന്യു ബോർഡ് " എന്ന വാക്കുകൾക്ക് പകരം "ലാന്റ് റവന്യു കമ്മീഷണർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

12. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2008-ലെ 41) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത് പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട, പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ഭൂമിയുടെ വിലയിൽ ഭീമമായ വർദ്ധനവ് ഉണ്ടാവുകയും അതിനാൽ റവന്യു ഭൂമികൾ കയ്യേറുവാനുള്ള പ്രവണത പതിവായിത്തീരുകയും ചെയ്തിട്ടുണ്ട്. വ്യാജപ്രമാണങ്ങളുടെ ബലത്തിലും ഭൂമികൾ കയ്യേറുന്നുണ്ട്. ഈ സാഹചര്യത്തിൽ റവന്യു ഭൂമിയുടെ സംരക്ഷണം വളരെ അനിവാര്യമാണെന്ന് കാണുന്നു.

റവന്യു ഭൂമിക്കു പുറമെ ജപ്തിയിലൂടെ ലഭിച്ചതും, 1963-ലെ കേരള ഭൂപരിഷ്കരണ ആക്റ്റ് പ്രകാരം മിച്ചഭൂമിയുടെ തിരിച്ചേൽപ്പിക്കൽ മുഖാന്തിരവും കൂടാതെ, ഭൂമിയിലെ അനധികൃത കൈവശപ്പെടുത്തൽ, മുതലായവയിൽ നിന്നും ഒഴിപ്പിച്ചതുമായ ഭൂമിയും സർക്കാരിന്റെ കൈവശമുണ്ട്. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടിയും, ഭൂരഹിതർക്കിടയിൽ വിതരണത്തിനു വേണ്ടിയും, കൂടാതെ സംസ്ഥാന വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും, ഉപയോഗിക്കാൻ കഴിയുന്നവിധം ഈ ഭൂമികൾ കയ്യേറ്റത്തിൽനിന്നും സംരക്ഷിക്കേണ്ടതായിട്ടുണ്ട്.

1957-ലെ കേരള ഭൂസംരക്ഷണ ആക്റ്റ് ആണ് റവന്യു ഭൂമിയുടെ സംരക്ഷണത്തിനുവേണ്ടി നിലവിലുള്ള നിയമം. ഈ ആക്റ്റിലെ വ്യവസ്ഥകൾ അപര്യാപ്തമാണ്. 1957-ലെ കേരള ഭൂസംരക്ഷണ ആക്റ്റിന്റെ 7-ാം വകുപ്പുപ്രകാരം പരമാവധി ഇരുനൂറു രൂപ മാത്രമുള്ള ഒരു പിഴയാണ് കയ്യേറ്റക്കാരുടെ മേൽ ചുമത്താൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേരള ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റ് പ്രകാരം കയ്യേറ്റക്കാരന് ഭൂമി പതിച്ചുകിട്ടുന്നതിന് അർഹതയുണ്ടെങ്കിൽ ഈ പിഴപോലും ചുമത്തുവാൻ കഴിയുകയില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും റവന്യുഭൂമി കയ്യേറുന്നവർക്ക് തടവുശിക്ഷയും, പിഴയും വ്യവസ്ഥചെയ്യുന്നതിനുവേണ്ടി 1957-ലെ കേരള ഭൂസംരക്ഷണ ആക്റ്റിലെ 7-ാം വകുപ്പിൽ ഭേദഗതി വരുത്തുന്നതിനും മേൽപ്പറഞ്ഞ ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകളിൽ അനന്തര ഫലമായുള്ള ഭേദഗതികൾ വരുത്തുന്നതിനും തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2008-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2008-ലെ 41), 2008 നവംബർ 8-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും, 2008 നവംബർ 8-ാം തീയതിയിലെ 2414-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ മേൽപ്പറഞ്ഞ ആവശ്യത്തിനുവേണ്ടി പ്രസിദ്ധീകരിക്കുകയും ചെയ്തു.

2008-ലെ 41-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

കെ. പി. രാജേന്ദ്രൻ

(ശരിത്തർജ്ജമ)

# 1957-ലെ കേരള ഭൂസംരക്ഷണ ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1958-ലെ 8-ാം ആക്റ്റ്)

## സർക്കാർ ഭൂമികളുടെ അനധികൃത കൈവശപ്പെടുത്തൽ തടയുന്നതിനുള്ള

## ഒരു

## ആക്റ്റ്

പീഠിക.—സർക്കാർ ഭൂമികളുടെ അനധികൃത കൈവശപ്പെടുത്തൽ തടയുന്നതിനുവേണ്ടി ഒരു ഏകീകൃത നിയമം ഉണ്ടാക്കേണ്ടത് ആവശ്യമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്റ്റിന് 1957-ലെ കേരള ഭൂസംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

** ** **

7. സർക്കാരിന്റെ വസ്തുവായ ഭൂമി അനധികൃതമായി കൈവശപ്പെടുത്തിയാലുള്ള ശിക്ഷ.—(1) 5-ാം വകുപ്പിനു വിരുദ്ധമായി സർക്കാരിന്റെ വസ്തുവായ ഭൂമി, പുറമ്പോക്കാണെങ്കിലും അല്ലെങ്കിലും, കൈവശപ്പെടുത്തുന്ന ഏതൊരാളും—

(എ) ഇരുനൂറ് രൂപയിൽ കവിയാത്ത അങ്ങനെയുള്ള പിഴയും ; കൂടാതെ

(ബി) തുടർച്ചയായുള്ള ഒരു ലംഘനത്തിന്റെ സംഗതിയിൽ അങ്ങനെയുള്ള ആദ്യലംഘനത്തിനുള്ള പിഴ ചുമത്തിയശേഷം, അത്തരം ലംഘനം തുടരുന്ന ഓരോ ദിവസത്തിനും കളക്ടർ ചുമത്തുന്നപ്രകാരം ഇരുനൂറ് രൂപയിൽ കവിയാത്ത അധികപിഴയും ;

നൽകുവാൻ ബാദ്ധ്യസ്ഥനാണ് :

എന്നാൽ 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റ് പ്രകാരം പതിച്ചുകൊടുക്കുന്നതിന് ലഭ്യമായിട്ടുള്ള ഒരു ഭൂമി ഒരാൾ അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുകയും, (1) അയാൾ—

(i) ആ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരം ലേലം കൂടാതെ അങ്ങനെയുള്ള ഭൂമി പതിച്ചു കിട്ടുന്നതിന് അർഹനാണെങ്കിലും ;

(ii) രജിസ്റ്ററാക്കിയോ പാട്ടത്തിൻമേലോ അങ്ങനെയുള്ള ഭൂമി തനിക്ക് പതിച്ച് കിട്ടുന്നതിന് ഇതിനായുള്ള ചട്ടങ്ങൾ പ്രകാരം അപേക്ഷിച്ചിട്ടുണ്ടെങ്കിലും,—

(1)-ാം ഉപവകുപ്പ് പ്രകാരം യാതൊരു പിഴയും നൽകാൻ ബാദ്ധ്യസ്ഥനല്ലാത്തതാകുന്നു.

(2) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിനു വിരുദ്ധമായി (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഏതെങ്കിലും ബാദ്ധ്യതയ്ക്ക് ഭംഗം വരാതെ ഏതെങ്കിലും ഭിത്തി, വേലിയോ, കെട്ടിടമോ നിർമ്മിക്കുകയോ നിർമ്മിക്കാൻ ഇടയാക്കുകയോ അല്ലെങ്കിൽ തൂങ്ങിനിൽക്കുന്നതോ, തള്ളിനിൽക്കുന്നതോ ആയ ഏതെങ്കിലും നിർമ്മാണം (താൽക്കാലികാടിസ്ഥാനത്തിലോ സ്ഥിരാടിസ്ഥാനത്തിലോ ഉള്ളത്) നടത്തുകയോ നടത്തുവാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും, ഒരു മജിസ്ട്രേറ്റിന്റെ കുറ്റ സ്ഥാപനത്തിൻമേൽ, ഇരുനൂറുരൂപവരെയാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടാനും, തുടർച്ചയായുള്ള ലംഘനത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള ആദ്യലംഘനത്തിന്റെ കുറ്റസ്ഥാപനത്തിനുശേഷം അത്തരം ലംഘനം തുടരുന്ന ഓരോ ദിവസത്തിനും ഇരുനൂറുരൂപവരെയാകാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കപ്പെടാൻ ബാദ്ധ്യസ്ഥനാണ്.

വിശദീകരണം.—തന്റെ പാട്ടക്കാലാവധി അവസാനിച്ചശേഷവും അനധികൃതമായി തുടർന്നും കൈവശം വച്ചുകൊണ്ടിരിക്കുന്ന ഒരു പാട്ടക്കാരൻ ഈ വകുപ്പുപ്രകാരമുള്ള ഒരു പിഴയ്ക്ക് ബാദ്ധ്യസ്ഥനാണ്.

8. അനധികൃതമായി കൈവശപ്പെടുത്തിയ സർക്കാരിന്റെ വസ്തുവായ ഭൂമികളിന്മേലുള്ള കരം ചുമത്തൽ.—(1) പുറമ്പോക്ക് അല്ലാത്ത സർക്കാരിന്റെ വസ്തുവായ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നതും 7-ാം വകുപ്പുപ്രകാരം പിഴ നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമായ ഏതൊരാളും, ഇതിനു പുറമെ, അയാൾ, കൈവശം വെച്ച മുഴുവൻ കാലയളവിലേക്കും സർക്കാർ, കാലാകാലങ്ങളിൽ ഇക്കാര്യത്തിലേക്കായി നിർണ്ണയിച്ചേക്കാവുന്ന നിരക്കിനനുസൃതമായി, കളക്ടർ നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള തുക കരം ഇനത്തിൽ നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) അനധികൃതമായി കൈവശപ്പെടുത്തിയ പുറമ്പോക്കിൽ നിരോധനകരം ചുമത്തൽ.—ഒരു പുറമ്പോക്ക് അനധികൃതമായി കൈവശം വെച്ചിരിക്കുന്നതും, 7-ാം വകുപ്പുപ്രകാരം പിഴ നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമായ ഏതൊരാളും, ഇതിനുപുറമെ, അപ്രകാരം കൈവശംവെച്ച മുഴുവൻ കാലയളവിലേക്കും കളക്ടർ ചുമത്തിയേക്കാവുന്ന അങ്ങനെയുള്ള നിരോധനകരവും നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(1)-ാം ഉപവകുപ്പുപ്രകാരമുള്ള കരമോ ഈ ഉപവകുപ്പുപ്രകാരമുള്ള നിരോധനകരമോ നൽകുന്നു എന്ന കാരണത്താൽ യാതൊരു കൈവശാവകാശവും സ്ഥാപിച്ചു നൽകുന്നതല്ല.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, ഒരു സാമ്പത്തിക വർഷത്തിലെ ഏതെങ്കിലും കാലയളവിലെ കൈവശപ്പെടുത്തൽ ആ സാമ്പത്തിക വർഷത്തിലെ മുഴുവൻ കാലയളവിലേയും കൈവശപ്പെടുത്തലായി കരുതപ്പെടുന്നതാണ്.

9. അനധികൃത കൈവശപ്പെടുത്തലിനുള്ള ബാദ്ധ്യത.—സർക്കാരിന്റെ വകയായ ഏതെങ്കിലും ഭൂമി, അത് പുറമ്പോക്ക് ആണെങ്കിലും അല്ലെങ്കിലും, അനധികൃതമായി കൈവശം വെച്ചിരിക്കുന്നതും 7-ാം വകുപ്പുപ്രകാരം പിഴ നൽകാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമായ ഏതൊരാളും, 8-ാം വകുപ്പുപ്രകാരമുള്ള കരമോ നിരോധനകരമോ നൽകുന്നതിനു പുറമേ, അയാൾ നശിപ്പിച്ചതോ, വിനിയോഗിച്ചതോ ആയ ഏതെങ്കിലും ഉപയോഗയോഗ്യമായ വൃക്ഷത്തിന്, കളക്ടർ വിധിച്ചിട്ടുള്ള വിലയുംകൂടി നൽകുവാൻ ബാദ്ധ്യസ്ഥനാവുന്നതാണ്.

** ** **

13. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—സർക്കാരിന്,—

(എ) 8 (1) വകുപ്പുപ്രകാരം കരത്തിന്റെ നിരക്കുകൾ ക്രമീകരിക്കുന്നതിനും;

(ബി) 8 (2) വകുപ്പുപ്രകാരം നിരോധനകരത്തിന്റെ ചുമത്തൽ ക്രമീകരിക്കുന്നതിനും ;

(സി) ഏതെങ്കിലും പ്രത്യേക ഭൂമിയോ ഭൂവിഭാഗമോ കൈവശപ്പെടുത്തലിന് പ്രാപ്യമല്ലെന്ന് പ്രഖ്യാപിക്കുന്നതിനും ;

(ഡി) ഈ ആക്റ്റ് പ്രകാരമുള്ള നോട്ടീസുകളുടെ നൽകൽ ക്രമീകരിക്കുന്നതിനും ;

(ഇ) ഈ ആക്റ്റ് പ്രകാരം കളക്ടറുടെ അധികാരം വിനിയോഗിക്കേണ്ട രീതി ക്രമീകരിക്കുന്നതിനും ;

(എഫ്) ഈ ആക്റ്റിലെ വ്യവസ്ഥകൾ പൊതുവായി നടപ്പിൽ വരുത്തുന്നതിനും ;

പൊതുവായോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക അവസരത്തിനോ വേണ്ടി ചട്ടങ്ങളോ ഉത്തരവുകളോ ഉണ്ടാക്കാവുന്നതാണ് ;

അങ്ങനെയുള്ള പൊതുവായ ചട്ടങ്ങളോ ഉത്തരവുകളോ ഗസറ്റിൽ മുൻകൂട്ടി പ്രസിദ്ധീകരിച്ചതിനുശേഷം മാത്രം ഉണ്ടാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഉണ്ടാക്കിയ എല്ലാ ചട്ടങ്ങളും ഉത്തരവുകളും നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ മുമ്പാകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, ഭേദഗതിയോ റദ്ദാക്കലോമൂലം, അവ അങ്ങനെവെച്ച കാലയളവിനുള്ളിൽ, സഭ വരുത്തിയ അങ്ങനെയുള്ള രൂപഭേദപ്പെടുത്തലുകൾക്ക് അവ വിധേയമായിരിക്കുന്നതുമാണ്.

14. ഭൂനികുതികുടിശ്ശിക എന്നപ്പോലെ പിഴകളും കരവും മുതലായവ വസൂലാക്കൽ.—എല്ലാ പിഴകളും, കരങ്ങളും, നിരോധനകരങ്ങളും, നശിപ്പിച്ചതോ വിനിയോഗിച്ചതോ ആയ വൃക്ഷങ്ങളുടെ വിലയും, 6-ാം വകുപ്പുപ്രകാരം നൽകേണ്ടതായ നഷ്ടപരിഹാരം അല്ലെങ്കിൽ നഷ്ടവും, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും, മാറ്റുന്നതിനുമുള്ള എല്ലാ ചെലവുകളും നികുതി വസൂലാക്കൽ ആക്റ്റിലെ തൽസമയം പ്രാബല്യത്തിലുള്ള വ്യവസ്ഥകൾ പ്രകാരം ഭൂനികുതി കുടിശ്ശികയെന്നപോലെ വസൂലാക്കേണ്ടതാണ്.

** ** **

16. അപ്പീലും റിവിഷനും.— (1) 15-ാം വകുപ്പുപ്രകാരം പ്രാധികാരം ചെയ്ത ഏതെങ്കിലും ഉദ്യോഗസ്ഥന്റെ, ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും തീരുമാനമോ ഉത്തരവോമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും അപ്പീൽ നൽകാവുന്നതാണ്,—

(എ) അങ്ങനെയുള്ള ഉദ്യോഗസ്ഥൻ റവന്യു ഡിവിഷണൽ ആഫീസർ ആണെങ്കിൽ, കളക്ടർക്കും :

എന്നാൽ (ബി) ഖണ്ഡപ്രകാരം അപ്പീലിന്മേൽ റവന്യു ഡിവിഷണൽ ആഫീസർ പാസ്സാക്കിയിട്ടുള്ള ഏതൊരു ഉത്തരവിന്റെ സംഗതിയിലും, അപ്രകാരമുള്ള അപ്പീൽ നിലനിൽക്കുന്നതല്ല ; കൂടാതെ

(ബി) എല്ലാ മറ്റ് സംഗതികളിലും, റവന്യു ഡിവിഷണൽ ആഫീസർക്കും, കൂടാതെ കളക്ടർക്കും അല്ലെങ്കിൽ റവന്യു ഡിവിഷണൽ ആഫീസർക്കും, അതതുസംഗതിപോലെ, അപ്പീലിന്മേൽ തനിക്ക് യുക്തമെന്ന് തോന്നുന്ന അപ്രകാരമുള്ള ഉത്തരവ് പാസ്സാക്കാവുന്നതാണ്.

(2) 15-ാം വകുപ്പ് പ്രകാരം പ്രാധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഈ ആക്റ്റ് പ്രകാരം എടുത്ത ഏതെങ്കിലും തീരുമാനമോ പാസ്സാക്കിയ ഉത്തരവോ കളക്ടർക്ക് സ്വമേധയായോ അല്ലെങ്കിൽ അപേക്ഷയിൻമേലോ പുനഃപരിശോധിക്കാവുന്നതാണ് :

എന്നാൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ റവന്യു ഡിവിഷണൽ ഓഫീസറാണെങ്കിൽ, എടുത്ത ഏതെങ്കിലും തീരുമാനമോ പാസ്സാക്കിയ ഉത്തരവോ അപ്പീലിൻമേലല്ലാതെ അപേക്ഷയിൻമേൽ കളക്ടർ പുനഃപരിശോധിക്കാൻ പാടുള്ളതല്ല:

എന്നിരുന്നാലും അങ്ങനെയുള്ള തീരുമാനത്തിനോ ഉത്തരവിനോ ഏതിരെ ഒരു അപ്പീൽ തീരുമാനമാകാതെ കിടക്കുകയാണെങ്കിലോ അങ്ങനെയുള്ള തീരുമാനത്തിനോ ഉത്തരവിനോ എതിരെ അപ്പീൽ, ഏതെങ്കിലുമുണ്ടെങ്കിൽ, ബോധിപ്പിക്കുന്നതിനുള്ള സമയം അവസാനിച്ചിട്ടില്ലെങ്കിലോ കളക്ടർ യാതൊരു തീരുമാനമോ ഉത്തരവോ പുനഃപരിശോധിക്കാൻ പാടുള്ളതല്ല.

(3) ഈ ആക്റ്റ് പ്രകാരം കളക്ടറുടെ ഏതെങ്കിലും തീരുമാനമോ ഉത്തരവോ മൂലം സങ്കടമുള്ള ഏതൊരാൾക്കും (അപ്പീലിലോ റിവിഷനിലോ അല്ലാതെ) റവന്യു ബോർഡിൽ അപ്പീൽ നൽകാവുന്നതും, റവന്യു ബോർഡിന്, അതിന് ഉചിതമെന്നു തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് അപ്പീലിൻമേൽ പാസ്സാക്കാവുന്നതാണ്.

(4) റവന്യൂ ബോർഡിന്, അപ്പീലിൻമേൽ കളക്ടർ പുറപ്പെടുവിച്ച ഏതൊരുത്തരവും സ്വമേധയായോ അല്ലെങ്കിൽ അപേക്ഷയിൻമേലോ പുനഃപരിശോധിക്കാവുന്നതാണ്.

(5) സർക്കാരിന്, അപ്പീലിൻമേൽ റവന്യൂ ബോർഡ് പുറപ്പെടുവിച്ച ഏതൊരുത്തരവും സ്വമേധയായോ അല്ലെങ്കിൽ അപേക്ഷയിൻമേലോ പുനഃപരിശോധിക്കാവുന്നതാണ്.

(6) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ (4)-ാം ഉപവകുപ്പോ (5)-ാം ഉപവകുപ്പോ പ്രകാരം യാതൊരു ഉത്തരവും, അതുമൂലം ബാധിതനായ കക്ഷിക്ക്, പറയുവാനുള്ളത് കേൾക്കാൻ ഒരു അവസരം നൽകാതെ പസ്സാക്കുവാൻ പാടുള്ളതല്ല.

(7) ഈ ആക്റ്റ് പ്രകാരം തീർപ്പാക്കലിനായി തീരുമാനമാകാതെ ഏതെങ്കിലും അപ്പീൽ അല്ലെങ്കിൽ റിവിഷൻ കിടക്കുന്നിടത്ത് അപ്പലേറ്റ് അതോറിറ്റിക്ക് അല്ലെങ്കിൽ റിവൈസിംഗ് അതോറിറ്റിക്ക്, അതതു സംഗതിപോലെ, അപ്പീലിൽ പരിഗണിക്കേണ്ട തീരുമാനത്തിന്റെയോ ഉത്തരവിന്റെയോ പുനഃപരിശോധിക്കേണ്ട ഉത്തരവിന്റെയോ നടപ്പാക്കൽ നിറുത്തിവയ്ക്കാവുന്നതാണ്.

17. അപ്പീലിനും റിവിഷനും ഉള്ള കാലഹരണം.— (1) അപ്പീൽ വാദിക്കോ അപേക്ഷകനോ, അതതുസംഗതിപോലെ, അപ്പീൽ ഫയൽ ചെയ്യേണ്ടതോ പുനഃപരിശോധന നടത്തേണ്ടതോ ആയ തീരുമാനമോ ഉത്തരവോ, ഏതാണോ അത്, ലഭിക്കുന്ന തീയതി മുതൽ മുപ്പത് ദിവസം കഴിഞ്ഞാൽ, 16-ാം വകുപ്പ് പ്രകാരം യാതൊരു അപ്പീലോ റിവിഷനോ ബോധിപ്പിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രസ്തുത ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന കാലാവധിക്കുശേഷം ബോധിപ്പിക്കുന്ന അപ്പീലോ റിവിഷനുവേണ്ടിയുള്ള അപേക്ഷയോ, അപ്പലേറ്റ് അതോറിറ്റിക്കോ, റിവൈസിംഗ് അതോറിറ്റിക്കോ, അപ്പീലോ അപേക്ഷയോ പ്രസ്തുത കാലാവധിക്കുള്ളിൽ അപ്പീൽ വാദിയോ അപേക്ഷകനോ ബോധിപ്പിക്കാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് അങ്ങനെയുള്ള അതോറിറ്റിക്ക് ബോദ്ധ്യപ്പെട്ടാൽ അത് സ്വീകരിക്കാവുന്നതാണ്.

(3) ഏതെങ്കിലും തീരുമാനമോ ഉത്തരവോ പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ അങ്ങനെയുള്ള തീരുമാനമെടുത്തതോ ഉത്തരവ് പാസ്സാക്കിയതോ ആയ തീയതി മുതൽ ഒരു വർഷത്തിനുശേഷം, കളക്ടർ സ്വമേധയാ ആരംഭിക്കാൻ പാടുള്ളതല്ല.

(4) ഏതെങ്കിലും ഉത്തരവ് പുനഃപരിശോധിക്കുന്നതിനുള്ള നടപടികൾ, അങ്ങനെയുള്ള ഉത്തരവ് പാസ്സാക്കിയ തീയതി മുതൽ ഒരു വർഷത്തിനുശേഷം, സർക്കാരോ റവന്യൂ ബോർഡോ സ്വമേധയാ ആരംഭിക്കുവാൻ പാടുള്ളതല്ല.

** ** **

19. പ്രാബല്യത്തിലുള്ള മറ്റ് നിയമങ്ങളുടെ പ്രയോഗം ഒഴിവാക്കൽ.—ഈ ആക്റ്റിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ആൾക്ക് അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നതിന്റെ ബാധ്യതക്ക് എതിരായി നടപടി എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടതായി അർത്ഥം കൽപ്പിക്കുവാൻ പാടുള്ളതല്ല :

എന്നാൽ ഈ ആക്റ്റിലെ 7-ാം വകുപ്പോ 8-ാം വകുപ്പോ പ്രകാരം ഏതെങ്കിലും പിഴ ചുമത്തപ്പെട്ടിട്ടുണ്ടെങ്കിൽ, അതിനു സമാനമായിട്ടുള്ള യാതൊരു പിഴയും അത്തരം കൈവശം വെയ്ക്കലിനെ സംബന്ധിച്ച് മറ്റ് ഏതെങ്കിലും നിയമപ്രകാരം അയാളിൽ നിന്നും ഈടാക്കുവാൻ പാടുള്ളതല്ല.

** ** **

20എ. സിവിൽകോടതികളുടെ അധികാരിതയ്ക്ക് വിലക്ക്. (1) സർക്കാരിന്റെ വകയായിട്ടുള്ള ഏതെങ്കിലും ഭൂമി, അത് ഒരു പുറമ്പോക്ക് ആണെങ്കിലും അല്ലെങ്കിലും അനധികൃതമായി കൈവശം വെച്ചിരിക്കുന്ന യാതൊരാളെയും ഒഴിപ്പിക്കുന്നതിനായിട്ടോ, ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ ഏതെങ്കിലും പിഴയോ, കരമോ, നിരോധനകരമോ, നശിപ്പിക്കപ്പെട്ടതോ വിനിയോഗിച്ചതോ ആയ ഏതെങ്കിലും വൃക്ഷത്തിന്റെ വിലയോ, നഷ്ടപരിഹാരമോ, നഷ്ടമോ ഈടാക്കുന്നതിനോ, ഒഴിപ്പിക്കൽ ചെലവിനായിട്ടോ, കയ്യേറ്റങ്ങൾ നീക്കം ചെയ്യുന്നതിനായിട്ടോ, അങ്ങനെയുള്ള അത്തരം പിഴ, കരം, നിരോധനകരം, വൃക്ഷങ്ങളുടെ വില, നഷ്ട പരിഹാരം, നഷ്ടമോ ചെലവോ എന്നിവയുടെ ഏതെങ്കിലും ഭാഗത്തിനായിട്ടോ ആയി ഏതെങ്കിലും വ്യവഹാരമോ മറ്റു നിയമ നടപടികളോ സ്വീകരിക്കുന്നതിന് യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

(2) ഈ ആക്റ്റോ അതുപ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ, ഉത്തരവോ അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തിനായി സർക്കാരിനോ, റവന്യു ബോർഡിനോ, സർക്കാരിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരം, പ്രോസിക്യൂഷനോ മറ്റു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

** ** **